# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4210. 12.11.2019- ൽ മറുപടിക്ക്

## സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി വസ്ത്രം നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ : | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി വസ്ത്രം നൽകുന്ന പദ്ധതി പ്രകാരം അടുത്ത വർഷത്തെ ആവശ്യത്തിനുള്ള കൈത്തറി തുണിയുടെ അളവും കളർ കോഡും സംബന്ധിച്ച വിശദാംശം വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ഉണർവ് നൽകിയിട്ടുണ്ടോ; | (ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത കൈത്തറി മേഖലയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി കൂടുതൽ കൈത്തറി നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും, നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. ഈ മേഖലയിൽ 5000-ത്തിലധികം നെയ്ത്തുകാർക്കും അതിലധികം അനുബന്ധ തൊഴിലാളികൾക്കും സ്ഥിര വരുമാനമുണ്ടാക്കുന്നതിനും സംരക്ഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 3 വർഷം കൊണ്ട് 98 ലക്ഷത്തോളം മീറ്റർ തുണി നെയ്തെടുക്കുകയും ആയതിൽ 124.80 കോടി രൂപ നെയ്ത്തുകൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. നൂലും കൂലിയും സർക്കാർ നല്കുന്ന ഈ പദ്ധതിയിൽ പുതുതായി 1026 പേരും, നെയ്ത്തു ജോലി ഉപേക്ഷിച്ചുപോയ 1300 ഓളം പേരും ഈ മേഖലയിൽ തിരികെ വന്നു ജോലി ചെയ്തു വരുന്നു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല നെയ്ത്തു സഹകരണ സംഘങ്ങളും തുറന്ന് പ്രവർത്തിപ്പിക്കാനും കഴിഞ്ഞു. ഏറെ പ്രായം ചെന്ന കൈത്തറി നെയ്ത്തു തൊഴിലാളികളെ സംരക്ഷിക്കുവാനും, കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വ് കൈവരിക്കുന്നതിനും ഈ പദ്ധതി മുഖേന കഴിഞ്ഞിട്ടുണ്ട്. |

(സി) അടുത്ത അധ്യയന വർഷം എത്ര ലക്ഷം വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോമിനുള്ള തുണി വിതരണം ചെയ്യുവാനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 2020-21 അദ്ധ്യയന വർഷം സംസ്ഥാനത്തെ ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കും ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൂടി ആകെ 9.39 ലക്ഷം കുട്ടികൾക്ക് കൈത്തറി സ്കൂൾ യൂണിഫോം തുണി വിതരണം ചെയ്യുവാനാണ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിർദ്ദേശം ലഭ്യമായിട്ടുള്ളത്.

(ഡി) സ്കൂൾ യൂണിഫോം തുണികൾക്ക് മികച്ച നിലവാരം ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ആവശ്യമായ തുണി ഉല്പാദിപ്പിക്കുവാൻ നിലവിൽ ഹാൻഡ്ക്സിനും ഹാൻവീവിനും സംവിധാനമുണ്ടോ; വിശദമാക്കുമോ;

(ഡി) സ്കൂൾ യൂണിഫോം തുണി നെയ്യുന്നതിന് ആവശ്യമായ നൂലിന്റെ സിംഹഭാഗവും കേരളത്തിലെ വിവിധ മില്ലുകളിൽ നിന്നും ഉല്പാദിപ്പിച്ച് കേന്ദ്ര സർക്കാർ സ്ഥാപനമായ ദേശീയ കൈത്തറി വികസന കോർപ്പറേഷൻ (NHDC) മുഖേന വിവിധ യാൺ ബാങ്കുകൾ വഴിയുമാണ് സംഘങ്ങൾക്ക് ലഭ്യമാക്കുന്നത്. ഈ നൂലിന്റെ ഗുണനിലവാര പരിശോധന CARDT (സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ഓൺ ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽസ്) എന്ന സ്ഥാപനം ഉറപ്പുവരുത്തിയതിന് ശേഷമാണ് നെയ്ത്തിന് ഉപയോഗിക്കുന്നത്. നെയ്ത്ത തുണികൾ വിവിധ കളർകോഡുകളിൽ ചായം മുക്കിയതിനുശേഷം തുണിയുടെ സാമ്പിൾസ് കേന്ദ്ര വസ്ത്ര മന്ത്രാലയത്തിന്റെ കീഴിലുള്ള ടെക്സ്റ്റയിൽസ് കമ്മിറ്റി ടെസ്റ്റ് ചെയ്യുകയും ഗുണനിലവാരം ഉറപ്പ് വരുത്തിയതിന് ശേഷമാണ് വിതരണം ചെയ്യുന്നത്. പ്രസ്തുത രീതിയിൽ എല്ലാ യൂണിഫോം തുണികൾക്കും മികച്ച നിലവാരം ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതിക്കാവശ്യമായ തുണി ഹാന്റവീവ് നെയ്ത്ത തൊഴിലാളികൾ മുഖേന ഉല്പാദിപ്പിക്കുന്നുണ്ട്. അവർ സംഭരണവും വിതരണവും നടത്തുന്നുണ്ട്. ഹാന്റെക്സ് ഉല്പാദിപ്പിക്കുന്നില്ല. എന്നാൽ സംഭരണവും വിതരണവും നടത്തുന്നുണ്ട്.

(ഇ) ഈ വർഷം കൈത്തറി തുണി നെയ്ത് നൽകിയ തൊഴിലാളികൾക്ക് സമയബന്ധിതമായി കൂലി നൽകാത്തത് അവരെ ബുദ്ധിമുട്ടിച്ചുയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭാവിയിൽ തൊഴിലാളികൾക്ക് കൃത്യമായി കൂലി ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ?

(ഇ) സ്കൂൾ യൂണിഫോം തുണി നെയ്യുന്ന തൊഴിലാളികൾക്ക് സമയബന്ധിതമായി കൂലി നല്കുവാൻ ശ്രമിക്കുന്നുണ്ട്. കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്ക് ആവശ്യമായ തുക വിദ്യാഭ്യാസ വകുപ്പിൽ നിന്നാണ് ലഭ്യമാകുന്നത്. വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് കൃത്യമായി കൂലി നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ